**മധുമായ കുട്ടികളെ - ബാബയുടെ ഓർമ്മയിൽ സദാ ഹർഷിതമായിരിക്കൂ, പഴയ ദേഹത്തിന്റെ ബോധം ഉപേക്ഷിച്ച്കൊണ്ട് പോകൂ, എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് യോഗബലത്തിലൂടെ വായുമണ്ഡലത്തെ ശുദ്ധമാക്കുന്നതിന്റെ സേവനം ചെയ്യണം.**

**ചോദ്യം:-** സ്കോളർഷിപ്പ് നേടുന്നതിന് അഥവാ സ്വയം സ്വയത്തിന് രാജ്യതിലകം നൽകുന്നതിന് വേണ്ടി ഏതൊരു പുരുഷാർത്ഥമാണ് ആവശ്യമായിട്ടുള്ളത്?

**ഉത്തരം:-** രാജ്യ തിലകം ലഭിക്കുന്നത് ഓർമ്മയുടെ യാത്രയുടെ പുരുഷാർത്ഥം ചെയ്യുമ്പോഴാണ്. പരസ്പരം സഹോദര-സഹോദരനാണ് എന്ന് മനസ്സിലാക്കുന്നതിന്റെ അഭ്യാസം ചെയ്യൂ എങ്കിൽ നാമ-രൂപത്തിന്റെ ബോധം ഇല്ലാതാകും. തെറ്റായ കാര്യങ്ങൾ ഒരിക്കലും കേൾക്കരുത്. ബാബ എന്താണോ കേൾപ്പിക്കുന്നത് അത് കേൾക്കൂ, മറ്റുള്ള കാര്യങ്ങളിൽ നിന്ന് കാതടയ്ക്കൂ. പഠിത്തത്തിൽ പൂർണ്ണമായ ശ്രദ്ധ നൽകൂ അപ്പോൾ സ്കോളർഷിപ്പ് ലഭിക്കും.

**ഓം ശാന്തി.** കുട്ടികൾക്കറിയാം നമ്മൾ ശ്രീമത്തിലൂടെ നമുക്ക് വേണ്ടി രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ആര് എത്രത്തോളം സേവനം ചെയ്യുന്നോ മനസ്സാ-വാചാ-കർമ്മണാ തന്റെ തന്നെ മംഗളമാണ് ചെയ്യുന്നത്. ഇതിൽ ബഹളം മുതലായവയുടെ ഒരു കാര്യവുമില്ല. ഈ പഴയ ദേഹത്തിന്റെ ബോധം ഉപേക്ഷിച്ചുപേക്ഷിച്ച് നിങ്ങൾ അവിടെ എത്തിച്ചേരുന്നു, ബാബയെ ഓർമ്മിക്കുന്നതിലൂടെ സന്തോഷവും വളരെ ഉണ്ടാകുന്നു. എപ്പോഴും ഓർമ്മ ഉണ്ടായിരിക്കുകയാണെങ്കിൽ സന്തോഷം തന്നെ സന്തോഷമായിരിക്കും. ബാബയെ മറക്കുന്നതിലൂടെയാണ് വാടിപ്പോകുന്നത്. കുട്ടികൾക്ക് സദാ ഹർഷിതമായിരിക്കണം. നമ്മൾ ആത്മാക്കളാണ്. നമ്മൾ ആത്മാക്കളുടെ അച്ഛൻ ഈ വായിലൂടെ സംസാരിക്കുന്നു, നമ്മൾ ആത്മാക്കൾ ഈ കാതിലൂടെ കേൾക്കുന്നു. ഇങ്ങനെ-ഇങ്ങനെ സ്വയം ശീലം ഉണ്ടാക്കുന്നതിന് വേണ്ടി പരിശ്രമിക്കേണ്ടതായുണ്ട്. ബാബയെ ഓർമ്മിച്ചോർമ്മിച്ച് തിരിച്ച് വീട്ടിലേക്ക് പോകണം. ഈ ഓർമ്മയുടെ യാത്ര വളരെ ശക്തി നൽകുന്നതാണ്. നിങ്ങൾക്ക് ഇത്രയും ശക്തി ലഭിക്കുന്നു, നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നു. ബാബ പറയുന്നു നിങ്ങൾ എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം നശിക്കും. ഈ കാര്യത്തെ ഉറപ്പിക്കണം. അന്തിമത്തിൽ ഈ വശീകരണ മന്ത്രം മാത്രമായിരിക്കും പ്രയോജനത്തിൽ വരിക. എല്ലാവർക്കും സന്ദേശം ഇതുതന്നെയാണ് നൽകേണ്ടത്- സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ, ഈ ശരീരം വിനാശിയാണ്. ബാബയുടെ ആജ്ഞയാണ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാവനമായി തീരും. നിങ്ങൾ കുട്ടികൾ ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നു. ഒപ്പം ജ്ഞാനവുമുണ്ട് എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് രചയിതാവിന്റെയും രചനയുടെയും ആദി-മദ്ധ്യ-അന്ത്യത്തെയും അറിയാം. നിങ്ങൾ ആത്മാവിൽ എല്ലാ ജ്ഞാനവുമുണ്ട്. നിങ്ങൾ സ്വദർശനചക്രധാരിയല്ലേ. ഇവിടെ ഇരിക്കെ-ഇരിക്കെ നിങ്ങളുടെ വളരെ സമ്പാദ്യം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ രാത്രിയും പകലും സമ്പാദ്യം തന്നെ സമ്പാദ്യമാണ്. നിങ്ങൾ ഇവിടെ വരുന്നത് തന്നെ സത്യമായ സമ്പാദ്യം ഉണ്ടാക്കാൻ വേണ്ടിയാണ്. കൂടെ വരുന്ന സത്യമായ സമ്പാദ്യം മറ്റെവിടെയും ഉണ്ടാകുന്നില്ല. ഇവിടെ നിങ്ങൾക്ക് മറ്റൊരു ജോലിയുമില്ല. വായുമണ്ഡലവും ഇങ്ങനെയുള്ളതാണ്. നിങ്ങൾ യോഗബലത്തിലൂടെ വായുമണ്ഡലത്തെയും ശുദ്ധമാക്കുന്നു. നിങ്ങൾ വളരെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. ആരാണോ തന്റെ സേവനം ചെയ്യുന്നത് അവരാണ് ഭാരതത്തിന്റെ സേവനം ചെയ്യുന്നത്. പിന്നീട് ഈ പഴയ ലോകവും ഉണ്ടായിരിക്കില്ല. നിങ്ങളും ഉണ്ടായിരിക്കില്ല. ലോകം തന്നെ പുതിയതായി മാറും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ഇതും അറിയാം കൽപം മുൻപ് ആരാണോ സേവനം ചെയ്തിട്ടുള്ളത് അവർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ദിനം-പ്രതിദിനം വളരെ പേരെ തനിക്ക് സമാനമാക്കികൊണ്ടേയിരിക്കുന്നുണ്ട്. ഈ ജ്ഞാനത്തെ കേട്ട് വളരെ സന്തോഷിക്കുന്നു. രോമാഞ്ചമുണ്ടാകുന്നു. പറയുന്നു ഈ ജ്ഞാനം ഒരിക്കലും ആരിൽ നിന്നും കേട്ടിട്ടില്ല. നിങ്ങൾ ബ്രാഹ്മണരിൽ നിന്ന് മാത്രമാണ് കേൾക്കുന്നത്. ഭക്തി മാർഗ്ഗത്തിലാണെങ്കിൽ പരിശ്രമം ഒന്നും തന്നെയില്ല. ഇതിൽ മുഴുവൻ പഴയ ലോകത്തെയും മറക്കേണ്ടതായുണ്ട്. ഈ പരിധിയില്ലാത്ത സന്യാസം ബാബ മാത്രമാണ് ചെയ്യിപ്പിക്കുന്നത്. നിങ്ങൾ കുട്ടികളിലും നമ്പർവൈസാണ്. സന്തോഷവും സംഖ്യാക്രമത്തിലാണ് ഉണ്ടാകുന്നത്, ഒരുപോലെയല്ല. ജ്ഞാന-യോഗവും ഒരുപോലെയല്ല. മറ്റെല്ലാ മനുഷ്യരും ദേഹധാരികളുടെ അടുത്താണ് പോകുന്നത്. ഇവിടെ നിങ്ങൾ ആർക്കാണോ സ്വന്തമായി ശരീരമില്ലാത്തത്, അവരുടെ അടുത്താണ് വരുന്നത്.

എത്രത്തോളം ഓർമ്മയുടെ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നോ അത്രത്തോളം സതോപ്രധാനമായിക്കൊണ്ടിരിക്കും. സന്തോഷം വർദ്ധിച്ചുകൊണ്ടിരിക്കും. ഇതാണ് ആത്മാവിന്റെയും പരമാത്മാവിന്റെയും

ശുദ്ധമായ സ്നേഹം. അത് നിരാകാരനാണ്. നിങ്ങളുടെ കറ എത്രത്തോളം ഇല്ലാതാകുന്നോ അത്രത്തോളം ആകർഷണം ഉണ്ടാകും. തന്റെ ഡിഗ്രി നിങ്ങൾക്ക് നോക്കാൻ സാധിക്കും– ഞാൻ എത്ര സന്തോഷത്തിലാണ് കഴിയുന്നത്? ഇതിൽ യോഗാസനങ്ങളിരിക്കേണ്ട ആവശ്യമില്ല. ഹഠയോഗമല്ല. സ്വസ്ഥമായിരുന്ന് ബാബയെ ഓർമ്മിക്കൂ. കിടന്നുകൊണ്ട് പോലും ഓർമ്മിക്കാൻ സാധിക്കും. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ സതോപ്രധാനമായി തീരും, പാപം മുറിയും. പരിധിയില്ലാത്ത അച്ഛൻ നിങ്ങളുടെ ടീച്ചറുമാണ്, സദ്ഗുരുവുമാണ്, ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം. ഇതിൽ തന്നെയാണ് മായ വിഘ്നമിടുന്നത്. നോക്കണം ഞാൻ ബാബയുടെ ഓർമ്മയിലിരുന്ന് ഹർഷിതമായാണോ ഭക്ഷണം കഴിച്ചത്? പ്രിയതമയ്ക്ക് പ്രിയതമനെ ലഭിച്ചാൽ തീർച്ചയായും സന്തോഷമുണ്ടായിരിക്കില്ലേ. ഓർമ്മയിലിരിക്കുന്നതിലൂടെ നിങ്ങളുടെ വളരെ സമ്പാദ്യമുണ്ടായിക്കൊണ്ടിരിക്കും. ലക്ഷ്യം വളരെ ഉയർന്നതാണ്. നിങ്ങൾ എന്തിൽ നിന്ന് എന്താകുന്നു! ആദ്യം നിങ്ങൾ വിവേകശൂന്യരായിരുന്നു, ഇപ്പോൾ നിങ്ങൾ വളരെ വിവേകശാലിയായിരിക്കുന്നു. നിങ്ങളുടെ ലക്ഷ്യം എത്ര ഫസ്റ്റ്ക്ലാസ്സാണ്. നിങ്ങൾക്കറിയാം നമ്മൾ ബാബയെ ഓർമ്മിച്ചോർമ്മിച്ച് ഈ പഴയ തോൽ ഉപേക്ഷിച്ച് പുതിയതെടുക്കും. കർമ്മാതീത അവസ്ഥയാകുമ്പോൾ ഈ തോൽ ഉപേക്ഷിക്കും. അടുത്തെത്തുന്നതിലൂടെ വീടിന്റെ ഓർമ്മ വരാറില്ലേ. ബാബയുടെ ജ്ഞാനം എത്ര മധുരമാണ്. കുട്ടികൾക്ക് എത്ര ലഹരി കയറണം. ഭഗവാൻ ഈ രഥത്തിലിരുന്ന് നിങ്ങളെ പഠിപ്പിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ഉയരുന്ന കലയാണ്. നിങ്ങളുടെ ഉയരുന്ന കലയിലൂടെ സർവ്വരുടെയും മംഗളം. നിങ്ങൾ ഒരു പുതിയ കാര്യവുമല്ല കേൾക്കുന്നത്. അറിയാം അനേക പ്രാവശ്യം നമ്മൾ കേട്ടിട്ടുണ്ട്, അത് വീണ്ടും കേട്ടുകൊണ്ടിരിക്കുകയാണ്. കേൾക്കുന്നതിലൂടെ ഉള്ളിന്റെ ഉള്ളിൽ ഗദ്ഗദം ഉണ്ടായിക്കൊണ്ടിരിക്കും. നിങ്ങളാണ് അറിയപ്പെടാത്ത യോദ്ധാക്കൾ എന്നാൽ വളരെ അറിയപ്പെടുന്നവരും. നിങ്ങൾ മുഴുവൻ വിശ്വത്തെയും സ്വർഗ്ഗമാക്കുന്നു, അതുകൊണ്ടാണ് ദേവിമാരുടെ പൂജ ഉണ്ടാകുന്നത്. ചെയ്യുന്നവരുടെയും ചെയ്യിപ്പിക്കുന്നവരുടെയും രണ്ട് പേരുടെയും പൂജ ഉണ്ടാകുന്നു. കുട്ടികൾക്കറിയാം ദേവീ–ദേവതാ ധർമ്മത്തിലുള്ളവരുടെ തൈനടീൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സമ്പ്രദായം ഇപ്പോൾ ഉണ്ടായതാണ്. നിങ്ങൾ നിങ്ങൾക്ക് തിലകം വയ്ക്കുകയാണ്. ആരാണോ നല്ലരീതിയിൽ പഠിക്കുന്നത് അവർ സ്വയത്തെ സ്കോളർഷിപ്പിന് യോഗ്യരാക്കുകയാണ്. കുട്ടികൾക്ക് ഓർമ്മയുടെ യാത്രയുടെ വളരെ പുരുഷാർത്ഥം ചെയ്യണം. സ്വയത്തെ സഹോദര–സഹോദരനെന്ന് മനസ്സിലാക്കുകയാണെങ്കിൽ നാമ–രൂപത്തിന്റെ ബോധം ഇല്ലാതാകും, ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്. വളരെ ശ്രദ്ധ നൽകണം. തെറ്റായ കാര്യങ്ങൾ ഒരിക്കലും കേൾക്കരുത്. ബാബ പറയുന്നു ഞാൻ എന്താണോ കേൾപ്പിക്കുന്നത്, അത് കേൾക്കൂ. വ്യർത്ഥമായ കാര്യങ്ങൾ കേൾക്കരുത്. കാതടയ്ക്കൂ. എല്ലാവർക്കും ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കുമുള്ള വഴി പറഞ്ഞ് കൊടുത്തുകൊണ്ടിരിക്കൂ. ആര് എത്രത്തോളം വഴി പറഞ്ഞ് കൊടുത്തുകൊണ്ടിരിക്കുന്നോ അത്രത്തോളം അവർക്ക് പ്രയോജനം ലഭിക്കുന്നു. സമ്പാദ്യം ഉണ്ടാകുന്നു. ബാബ വന്നിരിക്കുന്നു എല്ലാവരെയും അലങ്കരിക്കുന്നതിനും വീട്ടിലേക്ക് കൊണ്ട് പോകുന്നതിനും. ബാബ കുട്ടികളുടെ സദാ സഹായിയാകുന്നു. ആരാണോ ബാബയുടെ സഹായിയായിരിക്കുന്നത്, അവരെ ബാബയും സ്നേഹത്തോടെ നോക്കുന്നു. ആരാണോ വളരെ പേർക്ക് വഴിപറഞ്ഞ് കൊടുക്കുന്നത്, അപ്പോൾ ബാബയും അവരെ വളരെ ഓർമ്മിക്കുന്നു. അവർക്കും ബാബയുടെ ഓർമ്മയുടെ ആകർഷണമുണ്ടാകുന്നു. ഓർമ്മയിലൂടെ തന്നെ കറയിറങ്ങും, ബാബയെ ഓർമ്മിക്കുകയെന്നാൽ വീടിനെയും ഓർമ്മിക്കുക എന്നാണ്. സദാ ബാബ–ബാബ എന്ന് പറഞ്ഞുകൊണ്ടിരിക്കൂ. ഇതാണ് ബ്രാഹ്മണരുടെ ആത്മീയ യാത്ര. പരമമായ ആത്മാവിനെ ഓർമ്മിച്ചോർമ്മിച്ച് വീട്ടിലെത്തിച്ചേരും. എത്രത്തോളം ദേഹീ–അഭിമാനിയാകുന്നതിന്റെ പുരുഷാർത്ഥം ചെയ്യുന്നോ അത്രത്തോളം കർമ്മേന്ദ്രിയങ്ങൾ വശത്തായിക്കൊണ്ടിരിക്കും. കർമ്മേന്ദ്രിയങ്ങളെ വശത്താക്കാനുള്ള ഒരേ–ഒരു ഉപായം ഓർമ്മയുടേതാണ്. നിങ്ങളാണ് ആത്മീയ സ്വദർശനചക്രധാരി ബ്രാഹ്മണ കുല ഭൂഷണർ. നിങ്ങളുടേത് സർവ്വോത്തമമായ ശ്രേഷ്ഠ കുലമാണ്. ബ്രാഹ്മണകുലം ദേവതാകുലത്തേക്കാളും ഉയർന്നതാണ് എന്തുകൊണ്ടെന്നാൽ നിങ്ങളെ ബാബ പഠിപ്പിക്കുന്നു. നിങ്ങൾ ബാബയുടേതായിരിക്കുന്നു, ബാബയിൽ നിന്ന് വിശ്വത്തിന്റെ ചക്രവർത്തീ പദവി നേടുന്നതിന് വേണ്ടി. ബാബ എന്ന് പറയുമ്പോൾ തന്നെ സമ്പത്തിന്റെ സുഗന്ധം വരുന്നു. ശിവനെ എപ്പോഴും ബാബ–ബാബ എന്നാണ് പറയാറുള്ളത്. ശിവബാബ തന്നെയാണ് സദ്ഗതി ദാതാവ് മറ്റാർക്കും സദ്ഗതി നൽകാൻ സാധിക്കില്ല. സത്യമായ സദ്ഗുരു ഒരേ ഒരു നിരാകാരനാണ്, ബാബ അരകല്പത്തേക്ക് രാജ്യം നൽകി പോകുന്നു. അതുകൊണ്ട് അടിസ്ഥാനമായ കാര്യം ഓർമ്മയുടേതാണ്. അന്തിമസമയത്ത് ശരീരബോധമോ, ധനമോ–സമ്പത്തോ ഓർമ്മവരരുത്. അല്ലെങ്കിൽ പുനർജന്മമെടുക്കേണ്ടി വരും. ഭക്തിയിൽ കാശികൽവട്ട് ചെയ്യുന്നുണ്ട്. നിങ്ങളും കാശികൽവട്ട് ചെയ്തു അർത്ഥം ബാബയുടേതായി. ഭക്തിയിലും കാശികൽവട്ട് ചെയ്ത് മനസ്സിലാക്കുന്നു എല്ലാ പാപങ്ങളും മുറിഞ്ഞു. എന്നാൽ തിരിച്ചാർക്കും പോകാൻ സാധിക്കില്ല. എപ്പോഴാണോ എല്ലാവരും മുകളിൽ നിന്ന് വരുന്നത് അപ്പോൾ വിനാശമുണ്ടാകും. ബാബയും പോകും, നിങ്ങളും പോകും. ബാക്കി പറയാറുണ്ട് പാണ്ഡവർ പർവ്വതമുകളിൽ ഉരുകി മരിച്ചു. അത്

ഏതോ അപകടം പോലെയായി. ബാബ നല്ലരീതിയിൽ മനസ്സിലാക്കി തരുന്നു. കുട്ടികളെ സർവ്വരുടെയും സദ്ഗതി ദാതാവ് ഞാൻ ഒരാളാണ്, ഒരു ദേഹധാരിക്കും നിങ്ങളുടെ സദ്ഗതി ചെയ്യാൻ സാധിക്കില്ല. ഭക്തിയിൽ പടി താഴേക്ക് ഇറങ്ങിയാണ് വന്നത്, അന്തിമത്തിൽ ബാബ വന്ന് ശക്തിയോടെ കയറ്റുന്നു. ഇതിനെയാണ് പറയുന്നത് അപ്രതീക്ഷിതമായി പരിധിയില്ലാത്ത സുഖത്തിന്റെ ലോട്ടറി ലഭിക്കുന്നു എന്ന്. അവിടെ കുതിരയോട്ടമാണ്. ഇവിടെ ആത്മാക്കളുടെ ഓട്ടമാണ്. എന്നാൽ മായയുടെ കാരണത്താൽ അപകടമുണ്ടാകുന്നു അഥവാ വിടനൽകുന്നു. മായ ബുദ്ധിയോഗം മുറിക്കുന്നു. കാമത്തോട് തോൽക്കുകയാണെങ്കിൽ സമ്പാദ്യം ഇടിയുന്നു. കാമം വലിയ ഭൂതമാണ്, കാമത്തെ ജയിക്കുന്നതിലൂടെ ജഗത്ജീത്താകും. ലക്ഷ്മീ–നാരായണൻ ജഗത്ജീത്തായിരുന്നു. ബാബ പറയുന്നു ഈ അന്തിമ ജന്മം തീർച്ചയായും പവിത്രമാകണം, അപ്പോൾ വിജയമുണ്ടാകും. അല്ലെങ്കിൽ തോൽവി അനുഭവിക്കും. ഇതാണ് മൃത്യു ലോകത്തിലെ അന്തിമ ജന്മം. അമരലോകത്തിലെ 21 ജന്മങ്ങളുടെയും മൃത്യു ലോകത്തിലെ 63 ജന്മങ്ങളുടെയും രഹസ്യം ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. ഇപ്പോൾ ഹൃദയത്തോട് ചോദിക്കൂ ഞാൻ ലക്ഷ്മി–നാരായണനാകാൻ യോഗ്യനാണോ? എത്രത്തോളം ധാരണ ഉണ്ടായിക്കൊണ്ടിരിക്കുന്നോ അത്രത്തോളം സന്തോഷവും ഉണ്ടായിരിക്കും. എന്നാൽ ഭാഗ്യത്തിലില്ലെങ്കിൽ മായ നിൽക്കാൻ അനുവദിക്കില്ല.

ഈ മധുബന്റെ പ്രഭാവം ദിനം–പ്രതിദിനം കൂടുതൽ വർദ്ധിച്ചുകൊണ്ടിരിക്കും. മുഖ്യ ബാറ്ററി ഇവിടെയാണ്, ആരാണോ സേവനയുക്തരായ കുട്ടികൾ, അവർ ബാബയ്ക്ക് വളരെ പ്രിയപ്പെട്ടതാണ്. ആരാണോ നല്ല സേവനയുക്തരായ കുട്ടികൾ അവരെ തിരഞ്ഞ്–തിരഞ്ഞെടുത്ത് ബാബ സെർച്ച് ലൈറ്റ് നൽകുന്നു. അവരും തീർച്ചയായും ബാബയെ ഓർമ്മിക്കുന്നുണ്ട്. സേവനയുക്തരായ കുട്ടികളെ ബാബയും ദാദയും രണ്ട് പേരും ഓർമ്മിക്കുന്നു, സെർച്ച് ലൈറ്റ് നൽകുന്നു. പറയുന്നു ഓർമ്മിക്കുകയാണെങ്കിൽ ഓർമ്മയുടെ മറുപടി ലഭിക്കും. ഒരു വശത്ത് മുഴുവൻ ലോകവും, മറുവശത്ത് നിങ്ങൾ സത്യമായ ബ്രാഹ്മണരും. ഉയർന്നതിലും ഉയർന്ന ബാബയുടെ മക്കളാണ് നിങ്ങൾ, ആ ബാബ സർവ്വരുടെയും സദ്ഗതി ദാതാവാണ്. നിങ്ങളുടെ ഈ ദിവ്യ ജന്മം വജ്രസമാനമാണ്. നമ്മളെ കക്കയിൽ നിന്നും വജ്രമാക്കി മാറ്റുന്നതും ബാബയാണ്. അരകല്പത്തേക്ക് ഇത്രയും സുഖം നൽകുന്നു ശേഷം പിന്നീട് ബാബയെ ഓർമ്മിക്കേണ്ടതേയില്ല. ബാബ പറയുന്നു – കുട്ടികളെ, വളരെ അധികം ധനം നിങ്ങൾക്ക് നൽകുന്നു. നിങ്ങളെല്ലാം കളഞ്ഞിരിക്കുകയാണ്. എത്ര വജ്രവും രത്നങ്ങളുമാണ് എന്റെ ക്ഷേത്രത്തിൽ തന്നെ വയ്ക്കുന്നത്. ഇപ്പോഴാമണങ്കിൽ വജ്രത്തിന് നോക്കൂ എത്ര വിലയാണ്! മുൻപ് വജ്രങ്ങളോടൊപ്പം പോലും ഏതെങ്കിലും ഗിഫ്റ്റ് ലഭിച്ചിരുന്നു, ഇപ്പോഴാണെങ്കിൽ പച്ചക്കറിക്കൊപ്പം പോലും മുളകോ ചീരയോ പോലുള്ള ഗിഫ്റ്റൊന്നും ലഭിക്കുന്നില്ല. നിങ്ങൾക്കറിയാം എങ്ങനെയാണ് രാജ്യം നേടിയത്, എങ്ങനെയാണ് നഷ്ടപ്പെടുത്തിയത്? ഇപ്പോൾ വീണ്ടും എടുത്തുകൊണ്ടിരിക്കുകയാണ്. ഈ ജ്ഞാനം വളരെ അദ്ഭുതകരമാണ്. ആരുടെയും ബുദ്ധിയിലിരിക്കാൻ വളരെ പ്രയാസമാണ്. രാജ്യം നേടണമെങ്കിൽ ശ്രീമത്തിലൂടെ പൂർണ്ണമായും നടക്കണം. തന്റെ മതം പ്രയോജനത്തിൽ വരില്ല. ജീവിച്ചിരിക്കെ വാനപ്രസ്ഥത്തിലേക്ക് പോകണം അതുകൊണ്ട് എല്ലാം ബാബയ്ക്ക് നൽകേണ്ടതായുണ്ട്. അവകാശിയാക്കണം. ഭക്തിമാർഗ്ഗത്തിലും അവകാശിയാക്കുന്നുണ്ട്. ദാനം ചെയ്യുന്നുണ്ട് എന്നാൽ അല്പകാലത്തേക്കാണ്. ഇവിടെ ബാബയെ അവകാശിയാക്കേണ്ടത് – ജന്മജന്മാന്തരത്തേക്കാണ്. മഹിമയുമുണ്ട് അച്ഛനെ പിൻതുടരൂ. ആരാണോ പിൻതുടരുന്നത് അവർ ഉയർന്ന പദവി നേടുന്നു. പരിധിയില്ലാത്ത ബാബയുടേതാകുന്നതിലൂടെ തന്നെ പരിധിയില്ലാത്ത സമ്പത്ത് നേടും. ശിവബാബയാണെങ്കിൽ ദാതാവാണ്. ഈ ഭണ്ഢാരം ബാബയുടേതാണ്. ഭഗവാനായി എന്ത് ദാനം ചെയ്യുന്നോ, അപ്പോൾ അടുത്ത ജന്മത്തിൽ അല്പകാലത്തെ സുഖം ലഭിക്കുന്നു. അത് പരോക്ഷമായതാണ്. ഇത് നേരിട്ടുള്ളതാണ്. ശിവബാബ 21 ജന്മത്തേക്ക് നൽകുന്നു. ചിലരുടെ ബുദ്ധിയിൽ വരുന്നു നമ്മൾ ശിവബാബയ്ക്ക് നൽകുകയാണ്. ഇത് അപമാനിക്കുന്നത് പോലെയാണ്. കൊടുക്കുന്നത് എടുക്കുന്നതിന് വേണ്ടിയാണ്. ഇത് ബാബയുടെ ഭണ്ഢാരമാണ്. കാലദോഷം ദൂരീകരിക്കുന്നു. കുട്ടികൾ പഠിക്കുന്നു അമരലോകത്തേക്ക് വേണ്ടി. ഇതാണ് മുള്ളുകളുടെ കാട്. ബാബ പൂക്കളുടെ പൂന്തോട്ടത്തിലേക്ക് കൊണ്ട് പോകുന്നു. അതുകൊണ്ട് കുട്ടികൾക്ക് വളരെ സന്തോഷമുണ്ടായിരിക്കണം. ദൈവീക ഗുണവും ധാരണ ചെയ്യണം. ബാബ എത്ര സ്നേഹത്തോടെയാണ് കുട്ടികളെ പുഷ്പമാക്കുന്നത്. ബാബ വളരെ സ്നേഹത്തോടെയാണ് മനസ്സിലാക്കി തരുന്നത്. തന്റെ മംഗളം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവീക ഗുണവും ധാരണ ചെയ്യൂ ഒപ്പം ആരുടെയും അവഗുണം കാണുകയും ചെയ്യരുത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം -**

1. പരിധിയില്ലാത്ത ബാബയിൽ നിന്ന് സെർച്ച് ലൈറ്റ് നേടുന്നതിന് വേണ്ടി ബാബയുടെ സഹായിയാകണം. മുഖ്യ ബാറ്ററിയോട് തന്റെ കണക്ഷൻ യോജിപ്പിച്ച് വയ്ക്കണം. ഒരുകാര്യത്തിലും തന്റെ സമയം വ്യർത്ഥ മാക്കരുത്.

2. സത്യമായ സമ്പാദ്യം ചെയ്യുന്നതിന് അഥവാ ഭാരതത്തിന്റെ സത്യമായ സേവനം ചെയ്യുന്നതിന് വേണ്ടി ബാബയുടെ ഓർമ്മയിൽ ഇരിക്കണം എന്തുകൊണ്ടെന്നാൽ ഓർമ്മയിലൂടെ വായുമണ്ഡലം ശുദ്ധമാകുന്നു. ആത്മാവ് സതോപ്രധാനമാകുന്നു. അപാര സന്തോഷത്തിന്റെ അനുഭവമുണ്ടാകുന്നു. കർമ്മേന്ദ്രിയങ്ങൾ വശത്താകുന്നു.

## വരദാനം:- സ്വപരിവർത്തനത്തിലൂടെ വിശ്വപരിവർത്തന കാര്യത്തിൽ മനസ്സിനിഷ്ടപ്പെട്ട സഫലത പ്രാപ്തമാക്കുന്ന സിദ്ധിസ്വരൂപരായി ഭവിക്കട്ടെ.

ഓരോരുത്തരും സ്വ പരിവർത്തനത്തിലൂടെ വിശ്വപരിവർത്തനം ചെയ്യുന്നതിന്റെ സേവനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. എല്ലാവരുടെയും മനസ്സിൽ ഈ ഉന്മേഷ-ഉത്സാഹം തന്നെയാണ് അതായത് ഈ വിശ്വത്തെ പരിവർത്തനം ചെയ്യുക തന്നെ വേണം, മാത്രമല്ല നിശ്ചയവും ഉണ്ട് പരിവർത്തനം നടക്കുക തന്നെ വേണം. എവിടെ ധൈര്യമുണ്ടോ അവിടെ ഉന്മേഷ- ഉത്സാഹമുണ്ട്. സ്വ പരിവർത്തനത്തിലൂടെയേ വിശ്വ പരിവർത്തനക്കാര്യത്തിൽ മനസ്സിനിഷ്ടപ്പെട്ട സഫലത പ്രാപ്തമാകൂ. പക്ഷെ ഈ സഫലത അപ്പോഴേ ലഭിക്കൂ എപ്പോഴാണോ ഒരേ സമയം ആന്തരീക ഭാവന, വൈബ്രേഷൻ, വാണി ഇവ മൂന്നും ശക്തിശാലിയാകുന്നത്.

## സ്ലോഗൻ:- വാക്കുകളിൽ സ്നേഹവും സംയമനവുമുണ്ടെങ്കിൽ ഊർജ്ജം സംഭരിക്കപ്പെടും.